പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 137 തെറ്റ് തിരുത്തിയ മറുപടി (01.11.2019)

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി

| ചോദ്യം<br><br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. പി.വി. അൻവർ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2020-21ലെ വാർഷിക പദ്ധതി സമർപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ 2020-21 -ലെ വാർഷിക പദ്ധതി, വരുന്ന ഡിസംബർ, ജനുവരി മാസങ്ങളിലായി തയ്യാറാക്കുന്ന രീതിയിൽ സമയക്രമം നിശ്ചയിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത് |
| (ബി) | വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതു സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | 2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് പുതിയ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖകൾ 29.01.2018 തീയതിയിലെ സ.ഉ(കൈ)നം.11/2018/തസ്വഭവ, 02.02.2018 തീയതിയിലെ സ.ഉ(കൈ )നം.17/2018/ തസ്വഭവ, 14.02.2018 തീയതിയിലെ സ.ഉ(കൈ) നം.22/2018/തസ്വഭവ എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിൽ അധിക മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. |
| (സി) | പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും അവരുടെ | (സി) | ഉണ്ട്. 23.10.2018 തീയതിയിലെ സ.ഉ(സാധാ )നം. 2710/2018/തസ്വഭവ നമ്പർ ഉത്തരവിൽ ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | | |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക സ്ഥാനം വഹിക്കുന്നതിനാൽ പദ്ധതി പുരോഗതി വിലയിരുത്താൻ ജില്ലാതല യോഗങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | ഉണ്ട്. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായുള്ള ജില്ലാതല യോഗങ്ങൾ മൂന്ന് ഘട്ടങ്ങളായി സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ട യോഗങ്ങൾ 2019 ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെ കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ടം ഒക്ടോബർ 15 മുതൽ നവംബർ 15 വരെയും മൂന്നാം ഘട്ടം ഡിസംബർ 15 മുതൽ ജനുവരി 15 വരെയുമായി സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. |
| (ഇ) | നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാളിതുവരെ എത്ര ശതമാനം തുക വിനിയോഗിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ? | (ഇ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.(25.10.2019 വരെ) |

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 30.25% |
| ബ്ലോക്ക് പഞ്ചായത്ത് | 34.77% |
| ജില്ലാ പഞ്ചായത്ത് | 23.75% |
| മുനിസിപ്പാലിറ്റി | 27.06% |
| കോർപ്പറേഷൻ | 23.37% |
| ആകെ | 28.77% |

പൊതു വിഭാഗം, SCSP,TSP യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 35.61% | 23.94% | 26.86% |

സെക്ഷൻ ഓഫീസർ